(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. സി.ഐ.എഫ്.ആർ. അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നു. പുനരുദ്ധാരണ പദ്ധതിക്ക് 313 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്.

(സി)&(ഡി) കേന്ദ്ര പ്രതിരോധ വകുപ്പിൽനിന്നും ഇതര സംസ്ഥാന വൈദ്യുതി ബോർഡുകളിൽനിന്നും കമ്പനിക്ക് പരമാവധി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പ്രതിരോധ വകുപ്പിൽനിന്നും 772 ബി.എം.പി. ടാങ്കുകൾക്ക് വേണ്ട ഉപഘടകങ്ങൾ നിർമ്മിച്ചു നൽകുവാനുള്ള ഓർഡർ ലഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. അതുപോലെ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽനിന്നും, റേറ്റ് കോൺട്രോക്ട് അടിസ്ഥാനത്തിൽ, ഇലക്ട്രോണിക് എനർജി മീറ്ററുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള ഓർഡർ ലഭിക്കുന്നതിനും നടപടി ആരംഭിച്ചു. ഇതുകൂടാതെ, സൗരോർജ്ജാധിഷ്ഠിത ഉപകരണങ്ങളും സംവിധാനങ്ങളും വികസിപ്പിക്കുവാനും നിർമ്മിക്കുവാനും കമ്പനി തീരുമാനിച്ചിട്ടുണ്ട്.

പ്രതിരോധ വകുപ്പ് ചിലയിനം ടാങ്കുകളുടെ ഉൽപ്പാദനം മരവിപ്പിച്ചതിനാലാണ് കമ്പനിയുടെ ഓർഡർ നിലവാരം കുറഞ്ഞുവന്നത്. ഈ സ്ഥിതിവിശേഷം ഒരു താൽക്കാലിക പ്രതിഭാസമാണ്. പ്രതിരോധ വകുപ്പ് തീരുമാനം പുനഃപരിശോധിക്കുകയും ഒഴിവാക്കിയ ടാങ്കുകളുടെ ഉത്പാദനം പുനരാരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തതായി അറിയുന്നു. ഈ മേഖലയിലും കമ്പനിയുടെ ഓർഡർനില മെച്ചപ്പെടുത്തുവാൻ കഴിയുമെന്നാണ് കരുതുന്നത്.

24 (599) കെൽട്രോൺ പുനരുദ്ധാരണം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ പുനരുദ്ധാരണത്തിന് എത്ര തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കോഴിക്കോട് ജില്ലയിലെ നന്തി കെൽട്രോൺ യൂണിറ്റിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെൽട്രോൺ പുനരുദ്ധാരണത്തിന് വേണ്ടി സർക്കാർ 89.95 കോടി രൂപയുടെ പദ്ധതിയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 23 കോടി രൂപ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.

(ബി) കെൽട്രോണിന്റെ ഏകദേശം 200 കോടിയോളം വരുന്ന സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുത്തു. ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുമായി ചർച്ചചെയ്ത് 'ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ' യനുസരിച്ച് ഏകദേശം 120 കോടി രൂപയായി ചുരുക്കുകയും എന്നാൽ ഏഴുവർഷംകൊണ്ട് കൊടുത്തു തീർക്കുകയുമാണ് പുനരുദ്ധാരണ പദ്ധതിയുടെ കാതൽ. പുതിയ സാങ്കേതികവിദ്യകൾ സ്വായത്തമാക്കുക, നിലവിലുള്ള സാങ്കേതികവിദ്യ നവീകരിക്കുക, നഷ്ടത്തിലുള്ള ഉൽപ്പന്നങ്ങൾ ഒഴിവാക്കി ഉൽപ്പന ശ്രേണി നവീകരിക്കുക, അധികമുള്ള ഉദ്യോഗസ്ഥരെ കുറയ്ക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുക തുടങ്ങിയവയാണ് കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതിയുടെ പ്രധാന ഭാഗങ്ങൾ.

(സി) പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് യൂണിറ്റിൽ, കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിനുവേണ്ടിയുള്ള റൂറൽ ഓട്ടോമാറ്റിക് എക്സ്ചേഞ്ചുകളുടെ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനും കുളത്തൂരിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കമ്മ്യൂണിക്കേഷൻസ് യൂണിറ്റിന് ആവശ്യമായ സബ് അസംബ്ലി യൂണിറ്റുകളും നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

25 (600) വ്യവസായ വകുപ്പിൽ കെ.ബി.ഐ.പി. യുടേയും കെ.ഐ.ഇ.ഡി. യുടേയും പങ്ക്

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ കെ.ബി.ഐ.പി. (കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ) യുടെ പങ്ക് എന്താണ്;

(ബി) എന്തൊക്കെ സേവനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളുമാണ് കെ.ബി.ഐ.പി. വ്യവസായ വകുപ്പിന് നൽകിയിട്ടുള്ളത്;

(സി) പ്രതിവർഷം എത്ര രൂപയാണ് കെ.ബി.ഐ.പി. ക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്;

(ഡി) ഇതിൽ പ്ലാൻ/നോൺ പ്ലാൻ വിഹിതം എത്ര വീതമാണ് ഉദ്യോഗസ്ഥരുടെ ശമ്പളവും യാത്രാപ്പടിയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വ്യവസായ വകുപ്പിൽ കെ.ഐ.ഇ.ഡി. (കേരളാ ഇൻഡസ്ട്രിയൽ എന്റർപ്രിനർ ഡവലപ്മെന്റ്) യുടെ പങ്ക് എന്താണ്;

(എഫ്) വ്യവസായ വകുപ്പിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ മുറികളിലാണ് എയർകണ്ടീഷനിംഗ് നടത്തിയിട്ടുള്ളത്; എത്ര പേർ കമ്പ്യൂട്ടർ ഉപയോഗിക്കുന്നു; ഇതിനായി എത്ര രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന് വ്യവസായ വികസന പരിപാടികളിൽ സാങ്കേതിക സഹായം നൽകുക എന്നതാണ് കെ.ബി.ഐ.പി. യുടെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തി ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിന് അനുയോജ്യമായ ഗവേഷണ പഠനം നടത്തുക, വ്യവസായ സംബന്ധമായ ഡാറ്റാബേസുകളും ഇൻഫർമേഷൻ സിസ്റ്റവും സ്ഥാപിക്കുക ഇവയാണ് ഇതിന്റെ ലക്ഷ്യം.

(ബി) വ്യവസായ സംരംഭകർക്ക് രജിസ്ട്രേഷൻ സബ്സിഡി, മാർജിൻ മണി, വിൽപന നികുതി ഇളവുകൾ എന്നിവയ്ക്ക് വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly